File Ref.No.187977/GA-II-F3/2019/Admn

## UNIVERSITY OF CALICUT

**Abstract**

ജനറൽ & അക്കാദമിക വിഭാഗം - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ഭിന്നശേഷി സംവരണം - സർവ്വകലാശാക്ക കീഴിലുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണ ബാക്കലോഗ് ഒഴിവുകൾ കണക്കാക്കി നിയമനം നടത്തുന്നതിനുള്ള മാർഗ്ഗരേഖ - 30.01.2023 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നമ്പർ 2023.129* തീരുമാനം - നടപ്പിലാക്കി ഉത്തരവിറക്കുന്നു.

**General and Academic II - 'F' Section**

U.O.No. 2262/2023/Admn — Dated, Calicut University.P.O, 08.02.2023

*Read:*-(1) 28.01.2020 തിയതിയിലെ യൂണിവേഴ്സിറ്റി ഉത്തരവ്, U.O. No.1162/2020/Admn.
(2) 27.07.2022 തിയതിയിലെ യൂണിവേഴ്സിറ്റി ഉത്തരവ്, U.O. No.14538/2022/Admn.
(3) 10.11.2022 തിയതിയിലെ യൂണിവേഴ്സിറ്റി ഉത്തരവ്, U.O. No.21349/2022/Admn.
(4) 30.01.2023 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം നം.2023.129*.
(5) 06.02.2023 തിയതിയിലെ ബഹു. വൈസ് ചാൻസലറുടെ ഇതേ ഫയലിലെ ഉത്തരവ്.

**ORDER**

സംസ്ഥാനത്തിലെ എയ്ഡഡ് മേഖലയിലെ കോളേജുകളുൾപ്പടെയുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ, ഭിന്നശേഷി വിഭാഗത്തിന് പ്രത്യേക പരിഗണന നൽകുന്നതിനുള്ള നിയമങ്ങളിലെ (Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995 and Rights of Persons with Disabilities Act, 2016) വ്യവസ്ഥകളുടെയടിസ്ഥാനത്തിൽ 07.02.1996 മുതൽ സംവരണം നൽകുന്നതിന് 18.11.2018 തിയതിയിലെ G.O.(P)No. 18/2018/SJD പ്രകാരം സർക്കാർ ഉത്തരവിറക്കുകയുണ്ടായി. ആയത് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർനടപടികളെടുക്കുന്നതിന് സർവ്വകലാശാലാ സിൻഡിക്കേറ്റ് 30.12.2019ന് ഇനം നം. 2019.1310* പ്രകാരം തീരുമാനിക്കുകയും, സൂചന(1) പ്രകാരം ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

2. സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ/ട്രൈനിംഗ് കോളേജുകൾ /അറബിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്ന ശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗരേഖ വിവരിച്ചു കൊണ്ടുള്ള 18.05.2022 തിയ്യതിയിലെ സർക്കാർ ഉത്തരവായ ജി.ഒ.(കൈ)നം.242/2022/HEDN സർവ്വകലാശാലയിൽ സൂചന(2) ഉത്തരവ് പ്രകാരം നടപ്പിലാക്കുകയുണ്ടായി. തുടർനടപടികളുടെ ഭാഗമായി, 15.10.2022ന് ചേർന്ന സിൻഡിക്കേറ്റിന്റെ നിയമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി എയ്ഡഡ് കോളേജുകളിലെ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിന് മാനേജർമാരുടെയും പ്രിൻസിപ്പൽമാരുടെയും ഹിയറിങ്, രജിസ്ട്രാർ, സിൻഡിക്കേറ്റിന്റെ നിയമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അഫിലിയേറ്റഡ് കോളേജുകളിലെ സ്റ്റാഫ് കാര്യങ്ങൾക്കായുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ സംയുക്തമായി നടത്താനുള്ള തീരുമാനം കൈക്കൊള്ളുകയും, മേൽ സൂചന (3) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

3. തുടർന്ന് സിൻഡിക്കേറ്റിന്റെ നിയമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അഫിലിയേറ്റഡ് കോളേജുകളിലെ സ്റ്റാഫ് കാര്യങ്ങൾക്കായുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൺവീനറും അടങ്ങിയ സമിതി സർവ്വകലാശാക്ക കീഴിലുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണ ബാക്കലോഗ് ഒഴിവുകൾ കണക്കാക്കി നിയമനം നടത്തുന്നതിന്, 18.05.2022 തിയതിയിലെ സ.ഉ.(കൈ)നം.242/2022/HEDN, 28.10.2022തിയതിയിലെ സ.ഉ.(അച്ചടി)നം.7/2022/SJD, 06.08.2005 തിയതിയിലെ G.O.(P)No.119/2005/SWD തുടങ്ങിയ സർക്കാരുത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാർഗ്ഗരേഖ സമർപ്പിക്കുകയും, ആയത് 30.01.2023ന് ചേർന്ന സിൻഡിക്കേറ്റ് പരിഗണിക്കുകയും, സൂചന (4) പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. ആയതിനാൽ, സർവ്വകലാശാക്ക കീഴിലുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണ ബാക്കലോഗ് ഒഴിവുകൾ കണക്കാക്കി നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

**(i)** 07.02.1996 മുതൽ നടത്തിയ നിയമനങ്ങളിലെ ഭിന്നശേഷി സംവരണം കണക്കാക്കുന്നതിന് നിയമനങ്ങൾ 100 പോയ്ൻറ് നിയമന ബ്ലോക്കുകളായി തിരിച്ച് താഴെ പറയുന്ന ബ്ലോക്കുകളിലെ ആദ്യനിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിന് നൽകേണ്ടതാണ്:

| (A) 3% സംവരണ റോസ്റ്റർ (07.02.1996 മുതൽ 18.04.2017 വരെ) | | (B) 4% സംവരണ റോസ്റ്റർ (19.04.2017 മുതൽ ) | |
|---|---|---|---|
| ബ്ലോക്ക് നം.1 | point No. 01 മുതൽ 33 വരെ | ബ്ലോക്ക് നം.1 | point No. 01 മുതൽ 25വരെ |



Scanned with CamScanner

| | | | |
|---|---|---|---|
| ബ്ലോക്ക് നം.2 | point No. 34 മുതൽ 66 വരെ | ബ്ലോക്ക് നം.2 | point No. 26 മുതൽ 50വരെ |
| ബ്ലോക്ക് നം.3 | point No. 67 മുതൽ 100 വരെ | ബ്ലോക്ക് നം.3 | point No. 51 മുതൽ 75 വരെ |
| | | ബ്ലോക്ക് നം.4 | point No. 76 മുതൽ 100 വരെ |
| ടേൺ: 1, 34 & 67 | | ടേൺ: 1, 26, 51 & 76 | |

18.04.2017 വരെയുള്ള നിയമനങ്ങൾ 25 എണ്ണത്തിൽ കറവാണെങ്കിൽ, ആദ്യ ബാക്ക് ലോഗ് ടേൺ 1-ൽ കണക്കാക്കി, അടുത്ത ഭിന്നശേഷി സംവരണ നിയമനം ടേൺ 34-ന് പകരം ടേൺ നം.26-ൽ 4% സംവരണ റോസ്റ്റർ പ്രകാരം കണക്കാക്കേണ്ടതും സംവരണം തുടരേണ്ടതുമാണ്.

*(ഉദാഹരണം (1): ആദ്യ വിഭാഗത്തിൽ (A) ആകെ നിയമനം 15-ഉം രണ്ടാം വിഭാഗത്തിൽ (B) 30-ഉം ആണെങ്കിൽ, ആദ്യ ബാക്ക് ലോഗായി ഒന്നാമത്തെ നിയമനം കണക്കാക്കുകയും രണ്ടാമത്തെ ബാക്ക് ലോഗായി B-വിഭാഗത്തിലെ 11-ആം നിയമനം (ടേൺ നം.26) കണക്കാക്കുകയും തുടർന്ന് വരേണ്ട സംവരണ നിയമനം, ടേൺ നം.51ആയി വരുന്ന ഒഴിവിൽ നൽകേണ്ടതുമാണ്.)*

3% സംവരണത്തിലെ റൊട്ടേഷനിലെ അവസാന ടേണിലെ ബാക്ക് ലോഗ് കണക്കാക്കിയ ശേഷം വരാവുന്ന അടുത്ത ടേൺ, 3%ലെ അടുത്ത ടേണിനു പകരം, 19.04.2017-നു ശേഷമുള്ള നിയമനങ്ങളിലെ റോസ്റ്ററിലെ 4%ന്റെ ടേണിൽ ബാക്ക് ലോഗ് കണക്കാക്കേണ്ടതും സംവരണം തുടരേണ്ടതുമാണ്.

*(ഉദാഹരണം (2): ആദ്യ വിഭാഗത്തിൽ (A) ആകെ നിയമനം 38-ഉം രണ്ടാം വിഭാഗത്തിൽ (B) 28-ഉം ആണെങ്കിൽ, A-വിഭാഗത്തിലെ ബാക്ക് ലോഗായി 1,34 എന്നീ നിയമനങ്ങൾ കണക്കാക്കുകയും അടുത്ത ബാക്ക് ലോഗായി B-വിഭാഗത്തിലെ 13-ആം നിയമനം (ടേൺ നം.51) കണക്കാക്കുകയും തുടർന്ന് വരേണ്ട സംവരണ നിയമനം, ടേൺ നം.76ആയി വരുന്ന ഒഴിവിൽ നൽകേണ്ടതുമാണ്.)*

നിലവിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട് എങ്കിൽ ആ നിയമനങ്ങൾ ബാക്ക് ലോഗിൽ കുറവ് വരുത്താവുന്നതാണ്.

**(ii)** മേൽ റോസ്റ്റർ പ്രകാരം ബാക്ക് ലോഗ് ഒഴിവുകൾ കണക്കാക്കി നികത്തുന്നതിന് അടുത്ത നിയമനം, കോളേജിൽ (കോർപറേറ്റ് മാനേജ്മെന്റാണെങ്കിൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി) ഒഴിവുകൾ നിലവിൽ വന്ന തീയ്യതിയുടെ ക്രമത്തിൽ ഭിന്നശേഷി ബാക്ക് ലോഗ് നിയമനങ്ങൾ നടത്തേണ്ടതാണ്.

**(iii)** 3% സംവരണ ബാക്ക് ലോഗ് നികത്തുന്നതിനുള്ള മുൻഗണനാക്രമം: 1.കാഴ്ച പരിമിതർ, 2.ശ്രവണ പരിമിതർ, 3.ലോക്കോമോട്ടോർ ഡിസബിലിറ്റി / സെറിബ്രൽ പൾസി എന്ന രീതിയിലായിരിക്കണം. 4% സംവരണം ഭിന്നശേഷി വിഭാഗത്തിന് നൽകേണ്ട മുൻഗണനാക്രമം: 1.കാഴ്ച പരിമിതർ, 2.ശ്രവണ പരിമിതർ, 3.അംഗവൈകല്യമുള്ളവർ, 4.ലോക്കോമോട്ടോർ ഡിസബിലിറ്റി / സെറിബ്രൽ പൾസി എന്ന ക്രമത്തിലുമായിരിക്കണം. ഓരോ ഭിന്നശേഷി വിഭാഗത്തിനും 1% സംവരണം ലഭിക്കുന്ന രീതിയിൽ സംവരണ നിയമനങ്ങൾ നടപ്പാക്കേണ്ടതാണ്.

**(iv)** അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്ക് ഭിന്നശേഷിക്കാർക്ക് ആവശ്യമായ കുറഞ്ഞ ശാരീരിക മാനദണ്ഡങ്ങൾ (minimum physical and functionality requirement), 28.10.2022തിയതിയിലെ സ.ഉ.(അച്ചടി) നം.7/2022/SJD ഉത്തരവിലെ അനുബന്ധം-Iൽ വ്യക്തമാക്കിയതു പ്രകാരമുള്ളതായിരിക്കണം. നിയമനത്തിന് പരിഗണിക്കുന്നതിലേക്ക് മേൽ ഉത്തരവിലെ അനുബന്ധം-IIൽ നൽകിയ മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. സയൻസ് വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് കാഴ്ചപരിമിതരിലെ അന്ധ (Blindness-B) വിഭാഗക്കാരെ ഒഴിവാക്കിയിട്ടുള്ള 06.08.2005ലെ G.O.(P)No.119/2005/SWD എന്ന ഉത്തരവും, സാമൂഹ്യ നീതി വകുപ്പ് കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകളും പരിഗണിക്കേണ്ടതാണ്.

5. ബഹു. വൈസ് ചാൻസലർ സൂചന (5) പ്രകാരം, 30.01.2023 തിയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം നം.2023.129* നടപ്പിലാക്കാൻ അനുമതി നല്കി. തദനുസരണം മേൽ മാർഗ്ഗരേഖ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Aseeja K

Assistant Registrar

To

എല്ലാ അഫിലിയേറ്റഡ് പ്രൈവറ്റ് എയ്ഡഡ് കോളേജുകൾക്കും.

പകർപ്പ്:

PS to VC/PA to PVC/PA to Registrar/The Joint Director, KSAD/GA-II-A, H Sections/SF.

Forwarded / By Order

Section Officer



Scanned with CamScanner